STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.310/PR/SPMC/PHQ/2025 Date: 03.10.2025

## മൂന്നര കോടിയുടെ സൈബർ തട്ടിപ്പ്: സംഘാംഗം പിടിയിൽ

മൂന്നരക്കോടിയോളം രൂപ നിക്ഷേപത്തട്ടിപ്പിലൂടെ അപഹരിച്ച സംഘത്തിലെ ഒരാളെ തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് പിടിച്ചു. അപഹരിച്ച തുകയിലെ ഒരുകോടി ഇരുപതുലക്ഷം രൂപ ഇയാളുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്തു.

തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ ഡോക്ടറിൽ നിന്ന് അമിതലാഭം വാഗ്ദാനം ചെയ്ത് നിക്ഷേപ തട്ടിപ്പിലൂടെ മൂന്നു കോടി 43 ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഘത്തിലെ കണ്ണിയും ബാംഗ്ലൂർ സ്വദേശിയുമായ ധനുഷ് നാരായണസ്വാമി എന്നയാളാണ് പൊലീസ് പിടിയിലായത്. സെപ്റ്റംബർ 29ന് ബാംഗ്ലൂരിൽ നിന്നാണ് പ്രതിയെ പിടികൂടിയത്. തട്ടിയെടുത്ത പണം ക്രിപ്റ്റോകറൻസി ആക്കിമാറ്റി വിദേശത്തേക്ക് കടത്തുന്നതാണ് സംഘത്തിന്റെ രീതി.

ഓൺലൈൻ നിക്ഷേപത്തിലേക്ക് ഇരയുടെ വിശ്വാസം നേടിയെടുത്ത് തട്ടിപ്പുകാർ പലപ്പോഴായി പണം വിവിധ അക്കൗണ്ടുകളിലേക്ക് മാറ്റിയിരുന്നു. വഞ്ചിക്കപ്പെട്ടെന്ന് മനസ്സിലായപ്പോൾ പോലീസിൽ പരാതിപ്പെടുകയായിരുന്നു. പോലീസ് അന്വേഷണത്തിൽ പ്രതികൾ ഇരയുമായി വാട്സാപ്പ്, ടെലഗ്രാം മുതലായ സമൂഹമധ്യമങ്ങളിലൂടെ ബന്ധപ്പെട്ടിരുന്നെന്നും നിക്ഷേപം നടത്താനായി നിർബന്ധിച്ചിരുന്നതും വ്യക്തമായി. പണം കൈമാറിയ അക്കൗണ്ടുകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ ബാംഗ്ലൂരിലെ ഒരു വ്യാജ കമ്പനിയുടെ അക്കൗണ്ടിലേക്കാണ് പണം നിക്ഷേപിക്കപ്പെടുന്നതെന്ന് മനസ്സിലായി. ഈ അക്കൗണ്ടിനെപറ്റിയുള്ള കൂടുതൽ അന്വേഷണത്തിലാണ് പ്രതിയുടെ വിവരം ലഭിച്ചത്. നിക്ഷേപത്തട്ടിപ്പുകൾക്കായി പ്രതി വ്യാജ കമ്പനി ചമച്ച് അക്കൗണ്ട് എടുക്കുകയായിരുന്നു. ഇയാളുടെ അക്കൗണ്ടിൽനിന്നു ഒരുകോടി ഇരുപതുലക്ഷം രൂപ തിരികെ പിടിക്കാൻ പോലീസിന് കഴിഞ്ഞു. സെപ്റ്റംബർ 30നു പ്രതിയെ

കേരളത്തിൽ എത്തിക്കുകയും, തുടർന്ന് തിരുവനന്തപുരം എ.സി.ജെ.എം കോടതി റിമാൻഡ് ചെയ്തു.

സൈബർ കുറ്റകൃത്യങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ തോംസണ്‍ ജോസിന്റെ നിർദ്ദേശത്തിൽ പോലീസ് കമ്മീഷണർ ഫാറാഷ്  ടിയുടെ മേൽനോട്ടത്തിൽ സിറ്റി സൈബർ ക്രൈം പോലീസ് സ്റ്റേഷൻ എ.സി പ്രകാശ് കെ എസ്സിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ടർ ഷമീർ എം കെ, സബ് ഇൻസ്പെക്ടർ ഗിരീഷ് സിപിഒ അഭിജിത് എന്നിവരുടെ പ്രത്യേക സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പിടികൂടിയത്.

***************************